**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.583** **01.12.2015-ൽ മറുപടിയ്ക്ക്**

**<u>അങ്കമാലി ടെൽകിന്റെ സാമ്പത്തിക നഷ്ടം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ജോസ് തെറ്റയിൽ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** കഴിഞ്ഞ പതിനഞ്ച് വർഷമായി ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കമാലി ടെൽക് കഴിഞ്ഞ സാമ്പത്തിക വർഷം (2014-2015) മുപ്പത്തിമൂന്ന് കോടി രൂപ നഷ്ടത്തിലായതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | **(എ)** മോശമായ വിപണി സാഹചര്യങ്ങൾ കാരണമാണ് 2014-15 സാമ്പത്തിക വർഷത്തിൽ ടെൽക്ക് നഷ്ടത്തിലായത്. പദ്ധതികളിലെ കാലവിളംബം മൂലം വിപണിയിൽ 30% അധിക ശേഷി യുണ്ടാകുകയും ആയത് കടുത്ത മത്സരത്തിനും കുറഞ്ഞ വില നിലവാരത്തിനും കുറഞ്ഞ ലാഭത്തിനും കാരണമാകുകയും ചെയ്തു. കഴിഞ്ഞ ,സാമ്പത്തിക വർഷം മിക്കവാറും എല്ലാ ട്രാൻസ്ഫോർമർ കമ്പനികളുടെയും പ്രകടനം വളരെ മോശമായിരുന്നു. |
| **(ബി)** ടെൽക്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | **(ബി)** *TELK-NTPC യുമായി ചേർന്നുള്ള* സംയുക്ത സംരംഭത്തിൻെറ ആദ്യഘട്ടത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ചിരുന്ന കമ്പനിയ്ക്ക് തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന മികവ് നേടാൻ സാധിച്ചിട്ടില്ല. സംയുക്ത സംരംഭ കരാർ പ്രകാരം ലക്ഷ്യമിട്ടിരുന്ന വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പാക്കാത്തതാണ് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്. കമ്പനിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സർക്കാരിൻെറയും NTPC യുടെയും ബാങ്കിൻെറയും സാമ്പത്തിക സഹായത്തോടെ 25 കോടിരൂപയുടെ ആധുനികവത്ക്കരണ പദ്ധതി സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിന് എൻ.ടി.പി.സി ബോർഡിന്റെ അംഗീകാരം കൂടി വാങ്ങേണ്ടതുണ്ട്. |

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ 2014 മാർച്ച് 31 വരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് സി ആന്റ് എ ജി 23.03.2015 ന് നിയമസഭയിൽ വച്ച 2015 ലെ ആദ്യത്തെ റിപ്പോർട്ടിൽ ടെൽക്കിലെ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ വീഴ്ചമൂലം 7.5 കോടിയിലധികം നഷ്ടം വന്നതായി ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) കുറച്ച് വെൻഡർമാരെ മാത്രം ആശ്രയിച്ചതുവഴി കമ്പനിക്ക് മത്സരത്തിനുള്ള അവസരം നഷ്ടപ്പെട്ടതായും ആയത് കാരണം 7.29 കോടി രൂപ അധിക ചെലവ് വഹിച്ച് സാധനങ്ങൾ കൂടുതൽ വില നിരക്കിൽ വാങ്ങേണ്ടിവന്നതായാണ് റിപ്പോർട്ട് പറയുന്നത്. ചില ഓർഡറുകളിൽ ഉപഭോക്താക്കൾ പ്രത്യേക വെൻഡർ തന്നെ നിർബന്ധമായും വേണമെന്ന് ആവശ്യപ്പെടുന്നതുകൊണ്ട് കമ്പനിക്ക് വെൻഡർമാരെ പരിമിതപ്പെടുത്തേണ്ടി വരാറുണ്ട്. പക്ഷേ റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന ഈ പ്രത്യേക കാര്യത്തിൽ അധിക ചെലവ് വന്നത് മത്സരത്തിന്റെ അഭാവം കാരണമല്ല, മറിച്ച് കോപ്പറിന്റെ അന്താരാഷ്ട്ര വിപണിയിലെ വില വ്യതിയാനവും ഉയർന്ന തരത്തിലുള്ള conductor ഉപയോഗിച്ചതുമൂലവുമാണ്. മേൽ വിവരണം C&AG-യ്ക്ക് നൽകിയിട്ടുള്ളതും അവരുടെ സ്വീകാര്യതയ്ക്കായി കാത്തിരിക്കുന്നതുമാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ വീഴ്ചകൾ ഇല്ലാത്തതിനാൽ ഒരു ഉദ്യോഗസ്ഥനെതിരെയും നടപടികളെടുത്തിട്ടില്ല.

(ഡി) 2015- 2016 ൽ ടെൽക്കിന്റെ പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും പ്രതീക്ഷിക്കുന്ന ലാഭം/നഷ്ടം എത്രയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) 2015-16 ലേക്ക് ബഡ്ജറ്റ് ചെയ്തിരിക്കുന്നത് 182 കോടി രൂപയുടെ വിറ്റുവരവും പ്രതീക്ഷിക്കുന്ന നഷ്ടം 12 കോടി രൂപയുമാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ